ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 240-ാം ദിവസം

ദേശ: കാല. പൃഥഗ്ദ്രവ്യം മന്ത്ര തന്ത്രർത്ത്വിജോ*f*ഗ്നയ:
ദേവതാ യജമാനശ്ച ക്രതുർദ്ധർമ്മശ്ച യൻമയ: **(10-23-10)**
തം ബ്രഹ്മ പരമം സാക്ഷാദ് ഭഗവന്തമധോക്ഷജം
മനുഷ്യദൃഷ്ട്യാ ദുഷ്പ്രജ്ഞ മർത്ത്യാത്മാനോ ന മേനിരേ **(10-23-11)**

*ശുകമുനി തുടർന്നു:*
കാട്ടിലങ്ങിനെ കറങ്ങിനടക്കുന്ന അവസരത്തിൽ ഒരു ദിവസം ഗോപബാലൻമാർ കൃഷ്ണനോടു പറഞ്ഞു. “ഞങ്ങൾക്ക് വല്ലാതെ വിശക്കുന്നു. എന്തെങ്കിലും ആഹാരം തന്നാലും.” കൃഷ്ണൻ കൂട്ടുകാരോടു പറഞ്ഞു: “അവിടെ ഒരിടത്ത് കുറെ ബ്രാഹ്മണർ യാഗകർമ്മങ്ങൾ നടത്തുന്നുണ്ട്. അവിടെച്ചെന്ന് ബലരാമൻേറയും എൻേറയും പേരു പറഞ്ഞ് നമുക്കെല്ലാമാവശ്യമുള്ള ഭക്ഷണം വാങ്ങിക്കൊണ്ടു വന്നാലും.” ഗോപബാലൻമാർ ബ്രാഹ്മണരെ കാണാൻ ചെന്നു. മഹാത്മാക്കളേ ഞങ്ങൾ ബലരാമൻേറയും കൃഷ്ണൻേറയും സേവകരും കൂട്ടുകാരുമാണ്. അവർ അടുത്തൊരിടത്ത് ആസനസ്ഥരാണ്. ഇത്രദൂരം ഞങ്ങൾ വീടുവിട്ടുപോന്നതിനാൽ ഇപ്പോൾ വിശന്നുവലയുന്നു. ഞങ്ങളുടെ പ്രഭു കുറച്ച് ആഹാരം തരാനഭ്യർത്ഥിക്കുന്നു. നിങ്ങൾ ആ പ്രഭുവിൻെറ അഭ്യർത്ഥന നിരസിക്കുകയില്ല എന്ന് കരുതട്ടെ.

ബ്രാഹ്മണർ മറ്റുള്ളവർക്ക് ഭക്ഷണം ദാനം ചെയ്യുന്നത് ശാസ്ത്രവിധിക്കെതിരല്ല. പക്ഷേ അവർ ഗോപൻമാരെ വെറുതെ നോക്കിയതല്ലാതെ തരാമെന്നോ ഇല്ലെന്നോ പറയുകയുണ്ടായില്ല. ഇവിടെ ഇതാ ഭഗവാൻ കൃഷ്ണൻ സ്വയം ഏതൊരു യാഗകർമ്മങ്ങളുടേയും ആത്മാവും കാലവും ദേശവും യാഗവസ്തുക്കളും വേദങ്ങളും കർമ്മികളും അഗ്നിയും ദേവതയും പൂജയുടെയും പൂജാരിയുടെയും എല്ലാം ആത്മാവും ആണെന്നറിയാതെ ബ്രാഹ്മണർ അവരുടെ വികലബുദ്ധിയിൽ ഭഗവാനെ കേവലം നശ്വരജീവിയെന്ന് കരുതി. ബ്രാഹ്മണർക്ക് കൃഷ്ണൻ സ്വയം ഭഗവൽപരംപൊരുളാണെന്നറിയാൻ കഴിയാതെപോയി. ഗോപബാലൻമാർ വെറുംകയ്യോടെ കൃഷ്ണൻെറയടുക്കലേക്ക് മടങ്ങി.

കൃഷ്ണൻ ഹൃദയംതുറന്നുറക്കെ ചിരിച്ചു. എന്നിട്ടവരെ തിരിച്ചയച്ചു. ഇത്തവണ ബ്രാഹ്മണരുടെ ഭാര്യമാരുടെ അടുത്തേക്ക്. അവർ ബ്രാഹ്മണസ്ത്രീകളോട് പറഞ്ഞു. കൃഷ്ണനും ജ്യേഷ്ഠൻ ബലരാമനും അടുത്തൊരിടത്തിരിക്കുന്നു. ഞങ്ങൾ അവരുടെ സുഹൃത്തുക്കളാണ്. ഞങ്ങൾക്കെല്ലാം വിശക്കുന്നു. കുറച്ചാഹാരം തന്നാലും. അവർക്കീ വാക്കുകൾ അമൃതിനു തല്യമായിരുന്നു. അവർ കൃഷ്ണനെപ്പറ്റി കേട്ടിട്ടുണ്ടായിരുന്നു. അവനെ കാണാൻ കാത്തിരിക്കുകയുമായിരുന്നു. പെട്ടെന്നു തന്നെ പലേ പാത്രങ്ങളിലായി എല്ലാവിധ ഭക്ഷണങ്ങളും നിറച്ച് അവർ കൃഷ്ണൻ ഇരിക്കുന്നിടത്തേക്കു ചെന്നു.

പൂങ്കാവനത്തിൽ കൃഷ്ണൻ നടക്കുന്നത് ബ്രാഹ്മണ സ്ത്രീകൾ കണ്ടു. അവൻ ശ്യാമശരീരത്തിൽ മഞ്ഞപ്പട്ട് ധരിച്ചിരിക്കുന്നു. പൂക്കളും മയിൽപീലികളുംകൊണ്ട് സ്വയം നന്നായലങ്കരിച്ചിരിക്കുന്നു. ഒരു കൈ കൂട്ടുകാരൻെറ തോളിൽച്ചാരി മറ്റേക്കയ്യിലൊരു താമരപ്പൂ ചുഴറ്റിക്കൊണ്ട് കൃഷ്ണൻ നിൽക്കുന്നു. ഹൃദയംനിറയെ കൃഷ്ണനെ സ്വീകരിച്ച് ഈ സുചരിതകൾ കൃഷ്ണനെ സ്വന്തം ആത്മാവിൽ ഉൾക്കൊണ്ടു. അങ്ങിനെ കേവലവും വേദനാ നിർഭരവുമായ ജിവിതത്തെ അവർ പ്രശാന്തമധുരമാക്കി മാറ്റി.